മാസത്തിൽ 6.63 കോടി രൂപയുടെ ടിക്കറ്റും മേയ് മാസത്തിൽ 7 കോടി രൂപയുടെ ടിക്കറ്റുകളും മാത്രമേ വില്ക്കാൻ കഴിഞ്ഞിട്ടുള്ളൂ.

9 (301) ലോട്ടറി ഏജന്റുമാരിൽ നിന്നുള്ള ആദായ നികുതി

ശ്രീ. കെ.സി. ജോസഫ് :

പ്രൊഫ. സാവിത്രി ലക്ഷ്മണൻ :

ശ്രീ. പി.ജെ. ഫ്രാൻസിസ് :

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി ഏജന്റുമാരിൽനിന്ന് 10% ആദായ നികുതി ഈടാക്കണമെന്ന കേന്ദ്ര ഗവൺമെന്റ് നിർദ്ദേശം സംസ്ഥാനത്ത് നടപ്പിലാക്കിയോ ;

(ബി) ഇതേ തുടർന്ന് ലോട്ടറി ടിക്കറ്റ് വില്പനയിൽ കുറവുണ്ടായിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദവിവരം നൽകുമോ;

(ഡി) ലോട്ടറി ഏജന്റുമാർക്ക് ഏർപ്പെടുത്തിയിട്ടുള്ള ആദായനികുതി 1991 മുതൽ പൂർവകാല പ്രാബല്യത്തോടെ കൊടുക്കേണ്ടതായി വരുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നടപ്പിലാക്കി.

(ബി) ഉണ്ട്.

(സി) 1998 ഏപ്രിൽ, മേയ് മാസത്തെയും 1999 ഏപ്രിൽ, മേയ് മാസത്തെയും വില്പന താരതമ്യം ചെയ്യുമ്പോൾ 1,55,59,385/- രൂപ ലാഭത്തിൽ കുറവുവന്നിട്ടുണ്ട്.

(ഡി) ഏജന്റ് കമ്മീഷനിൽനിന്നും ഇൻകംടാക്സ് ഈടാക്കുന്നതു സംബന്ധിച്ചുള്ള ബന്ധപ്പെട്ട റൂളിലെ വ്യവസ്ഥകൾ പാലിക്കേണ്ടതുണ്ട്.

10 (302) സംസ്ഥാന ലോട്ടറിയുടെ സമ്മാനത്തുക

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലോട്ടറി വകുപ്പ് എത്ര ലോട്ടറികൾ നടത്തുന്നുണ്ട്. അവയുടെ പേരുകളും ഓരോന്നിനും എത്ര രൂപയ്ക്കുള്ള ടിക്കറ്റു വില്പന നടത്തുന്നുണ്ടെന്നും ഓരോന്നിന്റെയും ആകെ ടിക്കറ്റുവിലയും സമ്മാനങ്ങളുടെ തുകയും തമ്മിലുള്ള അനുപാതമെത്രയാണെന്നും വ്യക്തമാക്കുമോ ;

(ബി) അൻപത് ലക്ഷം രൂപയും മറ്റും ബംബർ സമ്മാനമായി നൽകുന്നതിനു പകരം പത്തു ലക്ഷം രൂപയുടെ അഞ്ച് ഒന്നാം സമ്മാനങ്ങൾ നൽകുന്ന വിധത്തിൽ സമ്മാനഘടന പുനഃസംഘടിപ്പിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly